# ഗുരുവിനെ ആദ്യം ദർശിച്ച നിമിഷം

ഗുരുവിന്റെ ജന്മജയന്തി ദിനത്തിനു തലേദിവസമായിരുന്നു ഞാൻ ആദ്യമായി ആശ്രമത്തിൽ പോയത്. എത്രാമത്തെ ജന്മജയന്തി ദിനമായിരുന്നുവെന്ന് കൃത്യമായി ഓർമ്മയില്ല. ആശ്രമത്തിനകം വെള്ളമണൽ വിരിച്ച് വെടിപ്പാക്കിയിരുന്നു. പരിസരപ്രദേശത്തൊക്കയും ദീപാലങ്കാരം നടത്തിയിരുന്നു. ആശ്രമാന്തരീക്ഷത്തിന് ഒരു വലിയ ഉത്സവപ്രതീതി അനുഭവപ്പെട്ടുവെങ്കിലും നിശബ്ദമായിരുന്നു. ഗുരു അവിടേക്ക് ഏതു നിമിഷവും കടന്നുവരാമെന്നു ഞാൻ പ്രതീക്ഷിച്ചു. ഗുരുവിനെ കാണാനുള്ള ഒരു വെമ്പൽ മനസ്സിൽ അനുനിമിഷം കൂടിക്കൊണ്ടിരുന്നു. ഒടുവിൽ പന്തലിലെ വെള്ളമണലിൽ ഞാൻ ഉറങ്ങാനായി കിടന്നുവെങ്കിലും ഉറങ്ങാനായില്ല. ആരും ഉറങ്ങിയിരുന്നില്ല. എല്ലാപേരും എന്തോ ഒക്കെ കാര്യങ്ങളിൽ വ്യാപൃതരായിരുന്നു. ചെറിയ കുട്ടികൾ അവിടെ കളിക്കുന്നുണ്ടായിരുന്നു. അവരുടെ അതിരില്ലാത്ത സന്തോഷം കണ്ട് എന്റെ മനസ്സിലും ആനന്ദമുണ്ടായി. ഞാൻ ഗുരുവിനെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടിരുന്നു. നേരിൽ കണ്ടിട്ടില്ലായിരുന്നുവെങ്കിലും ഗുരുവിനെക്കുറിച്ച് ഞാൻ ധാരാളം കേട്ടിരുന്നു. പിന്നീട് ശാന്തിഗിരി ആശ്രമവുമായി ബന്ധമുണ്ടന്നറിയുന്നവരോടൊക്കെ ഗുരുവിനെക്കുറിച്ചു അന്വേഷിക്കുക എനിക്കൊരു കൗതുകമായിരുന്നു. ഗുരുവിനെക്കുറിച്ചു അന്വേഷിക്കുന്നവരോട്, ഗുരുവിശ്വാസികൾക്കുണ്ടാകുന്ന സ്നേഹത്തിന്റെ പരിധി അളക്കാനാകുമായിരുന്നില്ല. വളരെക്കുറച്ചു സംസാരിക്കുന്ന പ്രകൃതമുള്ളവർപോലും അവരുടെ ഗുരുവിനെക്കുറിച്ചു പറയുമ്പോൾ വാചാലരായിരുന്നു. വലിയ പ്രതിസന്ധികളിലും ആപത്തുകളിലും രോഗങ്ങളിലും നിന്ന് ഗുരു രക്ഷിക്കാത്തവരായി അവരിൽ ആരും തന്നെയുണ്ടായിരുന്നില്ല. അവരുടെ ഭാഷ്യങ്ങളിൽ ആത്മാർത്ഥതയും സത്യസന്ധതയും നിഴലിച്ചു നിന്നിരുന്നു. സ്വന്തം ഗുരുവിന് അവർ നൽകിയിരുന്ന പ്രാധാന്യമാകണം എപ്പോഴും അവർ ഗുരുവാണികൾ ആവർത്തിച്ചു പറഞ്ഞുകൊണ്ടേയിരുന്നു. ഗുരുപാദവന്ദനമായിരുന്നു ആശ്രമത്തിലെ ഏറ്റവും പ്രധാന ചടങ്ങ്. അവർ ഗുരുവിനെയല്ലാതെ മറ്റാരേയും പാദനമസ്ക്കാരം ചെയ്യുമായിരുന്നില്ല. അവർ മറ്റൊരു ദേവാലയത്തിലോ സന്യാസാശ്രമത്തിലോ കബറിടങ്ങളിലോ പോകുമായിരുന്നില്ല. അവർക്ക് ഗുരുവല്ലാതെ മറ്റൊരു ദൈവമില്ലായിരുന്നു. അത്രയും പ്രാധാന്യം ലഭിച്ചിരുന്ന ആ ഗുരുവിനെ ഒരുനോക്കു കാണാൻ എനിക്കുണ്ടായ ആകാംക്ഷ ഒരധികപ്പറ്റാണോ? ആ രാത്രി എനിക്കുറങ്ങാനേ കഴിഞ്ഞില്ല. ബ്രഹ്മമുഹൂർത്തത്തിൽ തന്നെ ഞാൻ കുളി കഴിഞ്ഞെത്തി. പ്രാർത്ഥനയിൽ പങ്കുചേർന്നു. പ്രാർത്ഥനാലയത്തിനു പുറത്തു വലം വക്കുമ്പോഴും എന്റെ കണ്ണുകൾ ഗുരുവിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. പൂജാമുറിയിൽ നിന്നും പുഷ്പാഞ്ജലി മന്ത്രം സ്ഫുടമായി കേട്ടുകൊണ്ടിരുന്നു. എല്ലാമന്ത്രങ്ങളിലും ഗുരുനാമം മുന്നിട്ടുനിന്നു. ഒടുവിൽ മന്ത്രധ്വനികളെല്ലാവും ആശ്രമാന്തരീക്ഷ

ത്തിൽ ലയിച്ചുചേർന്നു. കർപ്പൂരത്തിന്റെ ഗന്ധവും ദീപത്തിന്റെ പ്രകാശവും ഒന്നുചേർന്ന ഒരു മാസ്മരിക വലയം. ഞാൻ പ്രാർത്ഥനാലയത്തിനകത്തു കയറി. ആരാധനാലയത്തിന്റെ വാതിൽ തുറന്നപ്പോൾ ഞാൻ ഉള്ളിലേക്കു തിടുക്കപ്പെട്ടു നോക്കി. ഓങ്കാരമായിരുന്നു പ്രതിഷ്ഠ. ഞാൻ ഗുരുവിന്റെ രൂപ മായിരുന്നു പ്രതീക്ഷിച്ചത്. 'ഗുരുവാണു ദൈവം' എന്ന ഗുരുപരമ്പരയിലെ ആ വചനമായിരിക്കണം എന്നെ അങ്ങനെ ചിന്തിപ്പിച്ചത്. താമരയിൽ ഓങ്കാരമെന്ന പ്രതിഷ്ഠാപൊരുൾ ഒരു ദർശനത്തിന്റെ ഫലമായി ഒരു കാലഘട്ടത്തിലേക്കു മാത്രമാണെന്നാണ് ഒരു വിശ്വാസിയിലൂടെ എനിക്കു മനസ്സിലായത്. ഗുരുരൂപ മായിരുന്നു അന്വർത്ഥമെന്നു ഞാൻ വീണ്ടും ചിന്തിച്ചുപോയി.

കുറച്ചു സമയം കഴിഞ്ഞപ്പോൾ ഗുരുപാദവന്ദനത്തിനുള്ള അനുമതി ലഭിച്ചു. പ്രാർത്ഥനാലയത്തിനു പുറകിലായുള്ള ഒരു ഷെഡ്ഡായിരുന്നു വേദി. തിടു ക്കപ്പെട്ടു ചെന്നുവെങ്കിലും നീണ്ട വരിയിൽ ക്യൂ നില്ക്കേണ്ടിവന്നു. എങ്കിലും ഒടുവിൽ ആ മുഹൂർത്തം അടുത്തെത്തിയപ്പോൾ നല്ല സന്തോഷം തോന്നി. ഗുരുവിന്റെ രൂപത്തെക്കുറിച്ച് വെറുതേ ഭാവന ചെയ്തു. ഗുരു എന്തായിരി ക്കും ചോദിക്കുക. ഹൃദയമിടുപ്പു കൂടുന്നപോലെ തോന്നി. ഗുരുവിനു നൽകാ നായി പുഷ്പഫലമൂലാദികളൊക്കെ കരുതിയിരുന്നു. ഗുരുവിനോടു ചോദി ക്കാനായി ഒരു ചോദ്യവും. എന്റെ ഊഴമെത്തി. ഞാൻ മുറിയിലേക്കു കടന്നു. പുഷ്പം കൊണ്ടു മൂടിയ ഒരു വലിയ പീഠത്തിൽ ഗുരു ഉപവിഷ്ടനായിരിക്കു ന്നതു കണ്ടു. ഒറ്റ പ്രാവശ്യമേ നോക്കിയുള്ളൂ. ഒരു പ്രകാശം. എത്രയോ കോടി പ്രകാശരൂപങ്ങൾ. പിന്നീട് എനിക്ക് ഒന്നും ഓർമ്മയില്ല.

-പ്രതാപൻ-